**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 629 29.11.2018-ലെ മറുപടിയ്ക്ക്

**<u>മഞ്ചേരി ഫുട്ബോൾസ്റ്റേഡിയം വികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിന്റെ തുടർ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തുക വിനിയോഗിക്കുവാൻ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സിലെ മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനായി 4,01,30,216/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കായികയുവജനകാര്യ ഡയറക്ടറുടെ ഹൈപവർ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഹൈപവർ കമ്മിറ്റി യോഗത്തിന്റെ തീരുമാന പ്രകാരം പ്രസ്തുത പ്രവർത്തിയുടെ സാങ്കേതിക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റിയെ ചുമതലപ്പെടുത്തി. പദ്ധതി നിർവ്വഹണത്തിന് കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയത്. കിറ്റ്കോ ടെൻണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സ്റ്റേഡിയം നവീകരിക്കുന്നതിനായി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | സ്റ്റേഡിയത്തിന്റെ തുടർ വികസനം സംബന്ധിച്ച സർക്കാർ തീരുമാനം സ്വീകരിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**